/

# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3916 — 18/10/2011 -ൽ മറുപടിക്ക്

## കൊഴിഞ്ഞുപോക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

(എ) സംസ്ഥാനത്തെ സർക്കാർ- എയ്ഡഡ് മേഖലകളിലെ വിദ്യാലയങ്ങളിൽ നിന്നും വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് വർദ്ധിച്ചു വരുന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

(എ) ഇല്ല.

(ബി) ഈ മേഖലകളിൽ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ കൊഴിഞ്ഞു പോയ വിദ്യാർത്ഥികളുടെ കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) സർക്കാർ-എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ നിന്നും കഴിഞ്ഞ 5 വർഷങ്ങളിൽ കൊഴിഞ്ഞുപോയ വിദ്യാർത്ഥികളുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | 2005-06 | 2006-07 | 2007-08 | 2008-09 | 2009-10 |
|---|---|---|---|---|---|
| തിരുവനന്തപുരം | 2361 | 3209 | 3247 | 2753 | 2042 |
| കൊല്ലം | 2370 | 1708 | 2334 | 1113 | 1274 |
| പത്തനംതിട്ട | 419 | 533 | 697 | 511 | 397 |
| ആലപ്പുഴ | 1408 | 1086 | 1079 | 595 | 898 |
| കോട്ടയം | 1289 | 1189 | 1700 | 1002 | 940 |
| ഇടുക്കി | 1946 | 1927 | 1843 | 1634 | 1278 |
| എറണാകുളം | 2755 | 2821 | 1944 | 1582 | 1535 |
| തൃശൂർ | 2717 | 2524 | 3264 | 2321 | 2296 |
| പാലക്കാട് | 4653 | 4470 | 5090 | 4426 | 2266 |
| മലപ്പുറം | 6355 | 7036 | 5422 | 4406 | 3568 |
| കോഴിക്കോട് | 3367 | 4021 | 2762 | 2051 | 1180 |
| വയനാട് | 1351 | 2640 | 2716 | 1917 | 1405 |
| കണ്ണൂർ | 3210 | 3608 | 2661 | 2705 | 1143 |
| കാസറഗോഡ് | 3317 | 1540 | 3083 | 1606 | 2021 |
| ആകെ | 37518 | 38312 | 37842 | 28622 | 22243 |

| | | | |
|---|---|---|---|
| (സി) | പൊതു വിദ്യാലയങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി കൂടുതൽ കുട്ടികളെ ആകർഷിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ; | (സി) | പൊതുവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി സൗജന്യ പാഠപുസ്തക വിതരണം, സ്കോളർഷിപ്പുകൾ, കാര്യക്ഷമമായ ഉച്ച ഭക്ഷണ വിതരണം, ഗുണമേന്മാവിദ്യാഭ്യാസ പരിപാടികൾ, ഐ.സി.റ്റി. സഹായത്തോടെയുള്ള പരിപാടികൾ, മെച്ചപ്പെട്ട അദ്ധ്യാപക പരിശീലന പരിപാടികൾ, സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, അവധിക്കാല ക്ലാസ്സുകൾ തുടങ്ങിയ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. |
| (ഡി) | സർക്കാർ വിദ്യാലയങ്ങളിൽ കുട്ടികൾ കുറയുന്നതിനനുസരിച്ച് അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ കുട്ടികൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) & (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺ എയിഡഡ് സ്കൂളുകളുടെ ആധിക്യം, ഇത്തരം സ്കൂളുകളിൽ ലഭിക്കുന്ന വാഹന സൗകര്യവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും, സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ സ്കൂളുകളുടെ വർദ്ധനവ് എന്നീ കാരണങ്ങളാൽ ഗവൺമെന്റ് - എയിഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ട്. |
| (ഇ) | എങ്കിൽ അതിന്റെ കാരണങ്ങൾ സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | | |

സെക്ഷൻ ഓഫീസർ